

FRIDAY 05/09/2025 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 05/08/2025

1. കേന്ദ്ര സർക്കാർ "ദേശീയ ഗോപാൽ രത്ന പുരസ്കാരം 2025 " അപേക്ഷ ക്ഷണിച്ചു. 1. തനത് ജനുസ്സിൽപ്പെട്ട കന്നുകാലികളെ ശാസ്ത്രീയമായി ഏറ്റവും നല്ല രീതിയിൽ പരിപാലിക്കുന്ന ക്ഷീര കർഷകൻ, 2. ഏറ്റവും നല്ല ഡയറി കോപ്പറേറ്റീവ് / മിൽക്ക് പ്രൊഡ്യൂസർ കമ്പനി / ഡയറി ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ ,3. ഏറ്റവും നല്ല എ.ഐ ടെക്നീഷ്യൻ (AIT), എന്നീ വിഭാഗങ്ങളിലാണ് അവാർഡ് നൽകുന്നത്. ആദ്യ രണ്ട് വിഭാഗങ്ങളിലെ പുരസ്കാര വിജയികൾക്ക് ഒന്നാം സമ്മാനം 5 ലക്ഷം രൂപ, രണ്ടാം സമ്മാനം 3 ലക്ഷം രൂപ, മൂന്നാം സമ്മാനം 2 ലക്ഷം രൂപ അതോടൊപ്പം സർട്ടിഫിക്കറ്റും, മെമന്റോയും നൽകുന്നതാണ്. രണ്ടാം വിഭാഗത്തിന് ഏറ്റവും നല്ല എ.ഐ ടെക്നീഷ്യൻ(AI) മെറിറ്റ് സർട്ടിഫിക്കറ്റും, മെമന്റോയും ലഭിക്കുന്നതാണ്. എന്നാൽ സമ്മാന തുക ഉണ്ടായിരിക്കുന്നതല്ല. അവാർഡ് ജേതാക്കൾക്ക് യാത്രാ ബത്തയും (railway Second A/C fare), ക്ഷാമബത്തയും റീ ഇംബേഴ്സ്മെന്റായി ലഭിക്കുന്നതാണ്. മുൻ വർഷങ്ങളിൽ ഗോപാൽരത്ന/കാമധേനു അവാർഡ് എന്നിവയിൽ ഏതെങ്കിലും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അവാർഡ് ലഭിച്ചിട്ടുള്ള കർഷകർ/ സ്ഥാപനങ്ങൾ ഗോപാൽ രത്ന 2025 പുരസ്കാരത്തിന് അപേക്ഷിക്കുവാൻ പാടുള്ളതല്ല. കേന്ദ്രസർക്കാർ (എൻ.ബി.എ.ജി.ആർ) അംഗീകരിച്ച തനത് ജനുസ്സിൽപ്പെട്ട കന്നുകാലികൾ (പശുക്കൾ –53 ജനുസ്സുകൾ, എരുമ – 20 ജനുസ്സുകൾ) പരിപാലിക്കുന്ന കർഷകർക്ക് അപേക്ഷിക്കാൻ യോഗ്യതയുണ്ട്. 90 ദിവസത്തെ കൃത്രിമ ബീജാധാന പരിശീലനം ലഭിച്ചിട്ടുള്ള സംസ്ഥാനങ്ങളിലെയോ, കേന്ദ്ര ഭരണ പ്രദേശങ്ങളിലേയോ കന്നുകാലി വികസന ബോർഡുകൾ/മിൽക്ക് ഫെഡറേഷനുകൾ/എൻ.ജി.ഒ കൾ/മറ്റ് സർക്കാർ/സ്വകാര്യ ബീജാധാന കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്ന എ.ഐ ടെക്നീഷ്യന്മാർക്ക് ഗോപാൽരത്ന പുരസ്കാരത്തിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. വെറ്ററിനറി ഡോക്ടർമാരെ ഈ പുരസ്കാരത്തിന് പരിഗണിക്കുന്നതല്ല. കുറഞ്ഞത് 50 ക്ഷീരകർഷകർ അംഗങ്ങളായുള്ളതും, ദിനംപ്രതി 100 ലിറ്റർ പാൽ ശേഖരിക്കുന്നതുമായ, കമ്പനീസ് ആക്ട്/കോപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾ/മിൽക്ക് പ്രൊഡ്യൂസിംഗ് കമ്പനി/ ഡയറി ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ എന്നിവയ്ക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഗോപാൽരത്ന പുരസ്കാരത്തിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. Ministry of Home Affairs (MHA) യുടെ https://awards.gov.in എന്ന അവാർഡ് പോർട്ടലിലൂടെ അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 15/09/2025. താൽപ്പര്യമുള്ള ക്ഷീര കർഷകർ ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി ഏറ്റവും അടുത്തുള്ള മൃഗാശുപത്രിയിലെ ബന്ധപ്പെട്ട ഡോക്ടറെയോ, ക്ഷീര വികസന വകുപ്പ് ഉദ്യോഗസ്ഥനേയോ, ക്ഷീര സഹകരണ സംഘങ്ങളേയോ സമീപിക്കാവുന്നതാണ്.

2. വാഴയിലെ തടതുരപ്പൻ, മാണവണ്ട്, വെള്ളരി വർഗ്ഗ വിളകളിലെ മത്തൻവണ്ട്, തെങ്ങ്-കവുങ്ങ് വിളകളെ ആക്രമിക്കുന്ന വേരുതീനി പുഴു എന്നിവയെ നിയന്ത്രിക്കാൻ ഉപയോഗിക്കുന്ന മിത്രനിമാവിരകൾ അടങ്ങിയ മിത്രനിമാവിര ലായനി (150 മില്ലി യുടെ 300 പാക്കറ്റ്) മുതലായവ കണ്ണൂർ കൃഷി വിജ്ഞാനകേന്ദ്രത്തിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. മിത്രനിമാവിര ലായനി 150 മില്ലി പാക്കറ്റ് 50 രൂപ. വിശദവിവരങ്ങൾക്ക് കണ്ണൂർ കൃഷി വിജ്ഞാനകേന്ദ്രവുമായി 8547675124 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

1. ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 സെപ്റ്റംബർ 15 മുതൽ 25 വരെ "ക്ഷീരോൽപന്ന നിർമ്മാണ പരിശീലനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 135/- രൂപ. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിൻ്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 സെപ്റ്റംബർ 12-ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 - 2440911 മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം.പി.ഒ., തിരുവനന്തപുരം -695004. Email ID:principaldtctvm@gmail.com

## കാർഷിക നിർദേശം

1. നെല്പാടങ്ങളിൽ ഓലചുരുട്ടിപ്പുഴുവിന്റേയും, ചാഴിയുടേയും മുഞ്ഞയുടേയും ഉപദ്രവം കണ്ടു വരുന്നു. പ്രത്യേകിച്ച് തണൽ ഉള്ളിടത്ത്

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഓലചുരുട്ടിയുടെ ആക്രമണം കൂടുതലായിരിക്കും. മൂടിക്കെട്ടിയ അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ നെല്ലിലെ ഓലചുരുട്ടിപ്പുഴുവിനെ നിയന്ത്രിക്കാൻ ട്രൈക്കോഗ്രമ്മ ചിലോണിസ് കാർഡും, തണ്ടുതുരപ്പനെ നിയന്ത്രിക്കാൻ ട്രൈക്കോഗ്രമ്മ ജപ്പോനിക്കം കാർഡും ഉപയോഗിക്കുക. ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രമ്മ കാർഡ് മതിയാകും. ഇതിന്റെ മുട്ടക്കാർഡുകൾ സംസ്ഥാന കൃഷിവകുപ്പിന്റെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന ബയോകൺട്രോൾ ലാബിലും വെള്ളാനിക്കരയിലെ ഹോർട്ടിക്കൾച്ചർ കോളേജിലെ ബയോകൺട്രോൾ ലാബിലും ലഭ്യമാണ്. ഒരേക്കറിലേക്ക് രണ്ട് കാർഡ് മതിയാകും. ഒരു കാർഡ് 10 കഷണമാക്കിയതിനുശേഷം അഞ്ച് സെന്റ് സ്ഥലത്തിന് ഒരു കഷണമെന്ന കണക്കിന് നെല്ലോലകളിൽ ഉറപ്പിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 3 മില്ലി ക്ലോറാൻട്രനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. ബാക്ടീരിയമൂലമുള്ള ഇല കരിച്ചിലിനു ചാണക വെള്ളത്തിന്റെ തെളി 2% (20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി അതിന്റെ തെളിയിൽ 20 ഗ്രാം സ്യൂഡോമോണസ് ചേർത്ത് തളിച്ച് കൊടുക്കുക) .